LIBRARY ARCHIVES Kerala Legislative Assembly

(5) പ്രൊഫഷണൽ കോഴ്സുകൾക്കുള്ള എൻട്രൻസ് പരീക്ഷകൾ നിർത്തലാക്കണമെന്ന ആവശ്യം

ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ: സർ, ഇന്നത്തെ പ്രൊഫഷണൽ കോഴ്സുകൾക്ക് നിലനിൽക്കുന്ന എൻട്രൻസ് പരീക്ഷകൾ നിർത്തലാക്കണമെന്നുള്ളത് സംബന്ധിച്ചാണ് എന്റെ സബ്മിഷൻ. പ്രൊഫഷണൽ കോഴ്സുകളും എൻട്രൻസ് പരീക്ഷകളും കൗൺസലിംഗും എല്ലാം വർത്തമാനകാലത്തെ ഒരു പ്രതിസന്ധിയായി മാറിക്കൊണ്ടിരിക്കുകയാണ്. മുന്ന് നമുക്ക് ഗവൺമെന്റ് മേഖലയും എയ്ഡഡ് മേഖലയും മാത്രമായിരുന്ന സ്ഥാനത്ത് ഇപ്പോൾ സ്വാശ്രയ മേഖല കൂടി കടന്നുവന്നു. ഗവൺമെന്റ് നടത്തുന്ന എൻട്രൻസ് പരീക്ഷകൾക്ക് പഠിക്കുന്നതിനുള്ള കോച്ചിംഗ് എന്നുപറയുന്നത് വലിയ വാഭകരമായ ഒരു ബിസിനസ്സായി മാറിയിരിക്കുകയാണ്. സാമ്പത്തികമായും സാമ്പത്തികമായും പിന്നോക്കം നിൽക്കുന്ന ആർക്കുംതന്നെ അത് പഠിക്കാൻ കഴിയുന്നില്ല. അതോടൊപ്പം സ്വാശ്രയ മേഖലയിലാണെങ്കിൽ മാനേജ്മെന്റ് കൺസോർഷ്യമാണ് എൻട്രൻസ് പരീക്ഷ നടത്തുന്നത്. അവിടെ, ഞാൻ നേരത്തെ പറഞ്ഞ വിഭാഗത്തിന് എത്തിനോക്കാൻ പോലും പറ്റില്ല. മുന്ന് എസ്.എസ്.എൽ.സി. ക്ക് മാർക്ക് അടിസ്ഥാനത്തിലുള്ള റാങ്കായിരുന്നു. ഇപ്പോൾ അതുമാറ്റി ഗ്രേഡിംഗ് ഏർപ്പെടുത്തിക്കഴിഞ്ഞു. അതുപോലെ, പ്ലസ് ടു-ന് ഗ്രേഡിംഗ് ഏർപ്പെടുത്തിയാൽ സയൻസ് വിഷയങ്ങളിൽ എ+ ലഭിച്ചവരേയും മാത്തമാറ്റിക്സിന് എ+ ലഭിച്ചവരേയും അതുപോലെ ഓരോ വിഷയത്തിനും എ+ ലഭിച്ചവരേയും തെരഞ്ഞെടുത്ത് അവർക്ക് അഡ്മിഷൻ കൊടുക്കുന്നതിന് വളരെ എളുപ്പം കഴിയും. അതുവഴി ഈ വലിയ പ്രതിസന്ധി ഒഴിവാക്കാൻ കഴിയും. ഇന്ന് സ്വാശ്രയ മേഖലകൂടി കടന്നുവന്നതുകൊണ്ടും ഇപ്പോൾ ഈ പ്രശ്നങ്ങൾ രൂക്ഷമായിരിക്കുന്നതുകൊണ്ടും ഇതുസംബന്ധിച്ച് എസ്.എൻ.ഡി.പി. യോഗം കൗൺസിൽ പ്രമേയം പാസ്സാക്കി നിർദ്ദേശങ്ങൾ പൊതുജനങ്ങൾക്ക് മുന്നാകെ വച്ചിട്ടുണ്ട്. അതുപോലെതന്നെ തമിഴ്നാട്ടിൽ ഇങ്ങനെയൊരു തീരുമാനമെടുത്തു. ആ തീരുമാനത്തെ അവിടത്തെ ഹൈക്കോടതി അസാധുവാക്കി എങ്കിലും ഹൈക്കോടതി വിധിയിൽ പ്രസക്തമായ ഒരു ഭാഗം പറയുന്നുണ്ട്. ഗ്രാമീണ മേഖലയിലെ ദുർബല വിഭാഗങ്ങൾക്ക് അവസരം ഉറപ്പാക്കാനാവശ്യമായ നടപടികൾ സ്വീകരിക്കാൻ ഗവൺമെന്റ് തയ്യാറാകണമെന്നുകൂടി മദ്രാസ് ഹൈക്കോടതി വിധിയിൽ പറയുന്നു. ഈ സാഹചര്യത്തിൽ എൻട്രൻസ് പരീക്ഷ നിർത്തലാക്കി, പ്ലസ് ടു-ന് കൂടി ഗ്രേഡിംഗ് ഏർപ്പെടുത്തിയതിനുശേഷം മാർക്കിന്റെ അടിസ്ഥാനത്തിൽ അഡ്മിഷൻ നടത്തുന്നതിനുള്ള തീരുമാനമെടുക്കണമെന്നാണ് എനിക്ക് ആവശ്യപ്പെടാനുള്ളത്.

വിദ്യാഭ്യാസ വകുപ്പുമന്ത്രി *(ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ)*: സർ, പ്രൊഫഷണൽ കോളേജുകളിൽ അഡ്മിഷന് കാളിഫൈയിംഗ് എക്സാമിനേഷന്റെ മാർക്ക് അവലംബിക്കുക എന്നുള്ള ശ്രീ. ജി. പ്രതാപവർമ്മ തമ്പാന്റെ നിർദ്ദേശം അതുപോലെ സ്വീകരിക്കാൻ കഴിയില്ല. അതിന് ചില പ്രായോഗികമായ ബുദ്ധിമുട്ടുകളുണ്ട്. 1981-82 കാലഘട്ടങ്ങളിൽ അന്നത്തെ ഐ.എം.ജി. ഡയറക്ടറുടെ നേതൃത്വത്തിൽ എം.ബി.ബി.എസ്., ബി.ഡി.എസ്., ബി.എച്ച്.എം.എസ്., ബി.ഫാം. തുടങ്ങിയവയ്ക്ക് എൻട്രൻസ് പരീക്ഷ ആരംഭിച്ചു. 1983 മുതൽ എൻജിനീയറിംഗ് മേഖലയിലേയ്ക്കും അഗ്രിക്കൾച്ചർ മേഖലയിലേയ്ക്കും കൂടി അത് വ്യാപിപ്പിക്കുകയും ചെയ്തു. തമിഴ്നാട്ടിൽ കാളിഫൈയിംഗ് എക്സാമിനേഷൻ മാർക്കിന്റെ അടിസ്ഥാനത്തിൽ അഡ്മിഷൻ കൊടുക്കുന്നതിന് ഒരു പരീക്ഷണം നടത്തി. ഇന്നത്തെ പത്രവാർത്തയിൽ ആ നടപടി ഹൈക്കോടതിയും സുപ്രീംകോടതിയും സ്റ്റേ ചെയ്തു. ഇതിന്റെ പ്രായോഗികമായ ഒരു ബുദ്ധിമുട്ട് കാളിഫൈയിംഗ് എക്സാമിനേഷൻ എന്നുപറയുന്നത് വ്യത്യസ്ത സരണിയിലൂടെ വരുന്നതാണ്. ഏതാണ്ട് അഞ്ച് സരണിയിലൂടെ വരുന്നുണ്ട്. ഹയർ സെക്കന്ററി, സി.ബി.എസ്.ഇ., ഐ.സി.എസ്.ഇ., വി.എച്ച്.എസ്.ഇ., മറ്റ് സംസ്ഥാനങ്ങളിലെ ബോർഡുകൾ എന്നീ 5 സ്ട്രീമുകളിലൂടെയാണ് വരുന്നത്. ഇവയുടെ സംവിധാനവും വ്യത്യസ്ത തലങ്ങളിലാണ്. ഇതിൽ ഏതെങ്കിലും ഒരു പ്രത്യേക സംവിധാനമുള്ള സ്ട്രീമിൽ നിന്നു വരുന്ന കുട്ടിക്ക് ചിലപ്പോൾ മാർക്ക് കൂടുതൽ വരാം. ഇവയെല്ലാം കോ-ഓർഡിനേറ്റ് ചെയ്ത് കാളിഫൈയിംഗ് എക്സാമിനേഷൻ എന്ന നിലയിൽ ഒരു പരീക്ഷയാക്കാൻ കഴിയുകയില്ല. ഉദാഹരണമായി പറഞ്ഞാൽ പ്ലസ് ടു-ന്റെ കാളിഫൈയിംഗ് എക്സാമിനേഷനിൽ സയൻസ് സബ്ജക്ടിന് 60 ശതമാനം തിയറി, 20 ശതമാനം പ്രാക്ടിക്കൽ, 20 ശതമാനം കണ്ടിന്യൂവസ് ഇവാല്വേഷൻ എന്നിവയുണ്ട്. എന്നുപറഞ്ഞാൽ 40 ശതമാനം മാർക്ക് നമ്മുടെ കൈയിലുണ്ട്. 40 ശതമാനം മാർക്ക് സ്കൂളിൽ വച്ചുതന്നെ ഇട്ടുകൊടുക്കുന്ന ഒരു സംവിധാനം വരുമ്പോൾ, പ്രൊഫഷണൽ കോളേജുകളിലേയ്ക്കുള്ള അഡ്മിഷനിൽ ഇതിന്റെ അടിസ്ഥാനത്തിൽ വമ്പിച്ച തോതിലുള്ള കൈകടത്തലിന് സാദ്ധ്യതയുണ്ട്. അത് കാളിഫൈയിംഗ് എക്സാമിനേഷന്റെ ക്രെഡിബിലിറ്റിയേയും പ്രൊഫഷണൽ കോഴ്സുകളുടെ അഡ്മിഷന്റെ ക്രെഡിബിലിറ്റിയേയും ദോഷകരമായി ബാധിക്കും. എൻട്രൻസ് പരീക്ഷയിൽ ഒബ്ജക്ടീവ് ടൈപ്പ് കൂസ്റ്റ്യനായതിനാൽ അതിന്റെ റിലയിരുത്തലും കറക്ടായിരിക്കും. അതേസമയം ടെക്സ്റ്റ് ബുക്ക് പ്രകാരം ഒരു ചോദ്യം ഒരാൾ വിലയിരുത്തുമ്പോൾ അയാളുടെ മനോഗതം അതിൽ നിഴലിക്കും. വേരിയേഷൻ വരുന്ന ഒരു സംഗതിയാണത്. ഗുണത്തേക്കാളേറെ ദോഷമാവും. ഏതായാലും എക്സ്പെർട്ടുകളുമായി ഇതുസംബന്ധിച്ച് ചർച്ച ചെയ്ത് വേണ്ട തീരുമാനമെടുക്കാം. പക്ഷേ ഒരു പോയിന്റ് ഞാൻ അംഗീകരിക്കുന്നു; ദുർബ്ബലജനവിഭാഗത്തിൽപ്പെട്ട

LIBRARY ARCHIVES Kerala Legislative Assembly

കുട്ടികൾക്ക് അവസരം നിഷേധിക്കപ്പെടുന്നത് യാഥാർത്ഥ്യമാണ്. അതിന് ക്വാളിഫൈയിംഗ് എക്സാമിനേഷനാക്കിയതുകൊണ്ടും കാര്യമില്ല. കാരണം ക്വാളിഫൈയിംഗ് എക്സാമിനേഷനിലും ഉയർന്നുവരുന്നത് ദുർബ്ബല വിഭാഗത്തിൽപ്പെട്ട കുട്ടികളാണ്. ദുർബ്ബല വിഭാഗത്തിൽപ്പെട്ട കഴിവുള്ള കുട്ടികൾക്ക് ആവശ്യമായ കോച്ചിംഗ് കൊടുക്കുന്നകാര്യം ഗവണ്മെന്റ് ഗൗരവമായി ആലോചിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

VII. മേശപ്പുറത്തുവച്ച കടലാസ്സുകൾ

I. മുഖ്യമന്ത്രി *(ശ്രീ. ഉമ്മൻ ചാണ്ടി)*: സർ, ഞാൻ താഴെ പറയുന്ന കടലാസ്സുകൾ മേശപ്പുറത്ത് വയ്ക്കുന്നു.

1. ഡീലിമിറ്റേഷൻ കമ്മീഷന്റെ നോട്ടിഫിക്കേഷൻ നമ്പർ 282/കെ.എൽ./2005 തീയതി 23-3-2005 (ഓർഡർ നമ്പർ 4) നോട്ടിഫിക്കേഷൻ നമ്പർ 282/കെ.എൽ./2005 തീയതി 31-5-2005 (ഓർഡർ നമ്പർ 9).

2. നോട്ടിഫിക്കേഷൻ നമ്പർ 460/സി3/05-I/വിജി. തീയതി 29-3-2005 (എസ്. ആർ. ഒ. നമ്പർ 302/05).

3. നോട്ടിഫിക്കേഷൻ നമ്പർ 460/സി3/05-II/വിജി. തീയതി 29-3-2005 (എസ്. ആർ. ഒ. നമ്പർ 303/05).

4. നോട്ടിഫിക്കേഷൻ നമ്പർ 460/സി3/05-III/വിജി. തീയതി 29-3-2005 (എസ്. ആർ. ഒ. നമ്പർ 304/05).

5. നോട്ടിഫിക്കേഷൻ നമ്പർ 460/സി3/05-IV/വിജി. തീയതി 29-3-2005 (എസ്. ആർ. ഒ. നമ്പർ 305/05).

6. ജി. ഒ. (എംഎസ്.) നമ്പർ 91/05/ഹെറാം. തീയതി 5-4-2005 (എസ്. ആർ. ഒ. നമ്പർ 344/05).

7. നോട്ടിഫിക്കേഷൻ നമ്പർ 2917-I/05/വിജി. തീയതി 21-5-2005 (എസ്. ആർ. ഒ. നമ്പർ 521/05).

8. നോട്ടിഫിക്കേഷൻ നമ്പർ 2917-II/05/വിജി. തീയതി 21-5-2005 (എസ്. ആർ. ഒ. നമ്പർ 522/05).

9. നോട്ടിഫിക്കേഷൻ നമ്പർ 2917-III/05/വിജി. തീയതി 21-5-2005 (എസ്. ആർ. ഒ. നമ്പർ 523/05).